പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.808

28.02.2018 -ലെ മറുപടിയ്ക്ക്

# തൊഴിലിടങ്ങളിലെ സുരക്ഷിതത്വം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീമതി. യു. പ്രതിഭാ ഹരി<br>ശ്രീ. വി.കെ.സി. മമ്മത് കോയ<br>ശ്രീ. വി.ജോയി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിലിടങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) തൊഴിലിടങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തൊഴിൽ നിയമങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് സ്ഥാപന പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടിയുറപ്പിക്കുകയും, അതിലൂടെ കേരളത്തിനെ ഒരു സംരംഭക-സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും, വികസന പദ്ധതികൾക്ക് വിളനിലമാകാനും ക്രിയാത്മകമായ ഒരു മാർഗ്ഗനിർദ്ദേശം നൽകുവാൻ ഉതകുന്ന ഒരു കരട് തൊഴിൽ നയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതനസുരക്ഷാ പദ്ധതിയിലൂടെ നാളിതുവരെ ഏകദേശം 6756 സ്ഥാപനങ്ങളിൽ നിന്നും 164126 തൊഴിലാളികൾക്ക് 1583 കോടി രൂപയോളം വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതു ജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുവാനും കൂടുതൽ പ്രയോജന പ്രദമാക്കുവാനും പൊതുജനങ്ങൾക്ക് വകുപ്പുമായിബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. ലേബർ കമ്മീഷണറേറ്റ് |

ഓട്ടോമേഷൻ സിസ്റ്റം വഴി തൊഴിൽവകുപ്പുമായി ബന്ധപ്പെട്ട മിക്ക സേവനങ്ങളും പൊതുജനങ്ങൾക്ക് ഓൺലൈൻ മുഖാന്തരം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തൊട്ടാകെ 2018 ഫെബ്രുവരി മാസം 15 വരെ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ നിയമങ്ങൾ പ്രകാരം 86536 ഇൻസ്പെക്ഷനുകൾ നടത്തുകയും 13334 പ്രോസിക്യൂഷനുകളും 1687 ക്ലെയിം പെറ്റീഷനുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2016 ൽ ടെക്സ്റ്റൈൽ മേഖലയിലും 2017 ൽ സെക്യൂരിറ്റി മേഖല, സ്വകാര്യ ഹോസ്പിറ്റൽ മേഖല, നിർമ്മാണമേഖല എന്നിവയിലും സ്പെഷ്യൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ചുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും **155214/180042555214** എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

(സി) കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ഇതുമായി ബന്ധപ്പെട്ട്, എന്തെല്ലാം പരിശോധനകളാണ് നടത്തുന്നത്;

(സി) സംസ്ഥാന തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം കടകൾ ഉൾപ്പെടെയുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ

| | |
|---|---|
| | പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ, ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും സ്പെഷ്യൽ പരിശോധനകളും നടത്തിവരുന്നു. 2016 - ൽ വസ്ത്ര ശാലകളിലും, 2017-ൽ സെക്യൂരിറ്റി മേഖല, സ്വകാര്യ ആശുപത്രികൾ, നിർമ്മാണ മേഖല എന്നിവിടങ്ങളിലും സ്പെഷ്യൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 ഫെബ്രുവരി മാസം 15 വരെ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം 86536 സ്ഥാപന പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| (ഡി) പരാതികൾക്കിടയാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) സ്ഥാപനപരിശോധനകൾ നടത്തുമ്പോൾ തൊഴിൽ നിയമലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം തൊഴിലുടമയ്ക്ക് പരിശോധന കുറിപ്പ് നൽകി ലംഘനങ്ങൾ പരിഹരിക്കുവാൻ ആവശ്യപ്പെടുന്നു. ആയത് പരിഹരിക്കാത്ത പക്ഷം കാരണം കാണിക്കൽ നോട്ടീസ് നൽകി പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 ഫെബ്രുവരി മാസം 15 വരെ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സംസ്ഥാനമൊട്ടാകെ 13334 പ്രോസിക്യൂഷനും 1687 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ